**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 220** **28-02-2023 - ൽ മറുപടിയ്ക്ക്**

**ദളിത്, ആദിവാസി വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് ദളിത്, ആദിവാസി വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പൊതുവെ പട്ടികവർഗ്ഗ വിഭാഗക്കാർ ആൾക്കൂട്ട ആക്രമണങ്ങൾക്കും അധിക്ഷേപങ്ങൾക്കും ഇരയാകുന്നില്ല. എന്നാൽ ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായത് സർക്കാർ ഗൗരവമായി കാണുന്നുണ്ട്. ആയതിന്മേൽ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ആൾക്കൂട്ട ആക്രമണത്തെത്തുടർന്ന് അട്ടപ്പാടിയിൽ മധു മരണപ്പെട്ടതും ഇപ്രകാരം വയനാട്ടിൽ വിശ്വനാഥൻ മരണപ്പെട്ടതായി ആരോപിക്കപ്പെടുന്നതുമായ സാഹചര്യത്തിൽ സമാനമായ അക്രമങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | അഗളി പോലീസ് സ്റ്റേഷൻ പരിധിയിൽ ആൾക്കൂട്ട ആക്രമണത്തിൽ മധു വയസ്സ് 30, ചിണ്ടക്കി ഊര്, മുക്കാലി എന്നയാൾ കൊല്ലപ്പെട്ടതിന് അഗളി പോലീസ് സ്റ്റേഷനിൽ Crime No.87/2018 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും, അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി 16 പ്രതികൾക്കെതിരെ ബഹു. മണ്ണാർക്കാട് സ്പെഷ്യൽ SC/ST കോടതി മുമ്പാകെ 22.05.2018 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ബഹു.കോടതി SC/265/2018 ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ള തുമാണ്. സംഭവ സ്ഥലത്തിന്റെ രണ്ടു മഹസ്സറുകൾ കൂടി തയ്യാറാക്കുന്നതിനായി കേസ്സ് വീണ്ടും പുനരന്വേഷണം നടത്തുകയും തുടർന്ന് ബഹു.മണ്ണാർക്കാട് സ്പെഷ്യൽ SC/ST കോടതി മുമ്പാകെ കുറ്റപത്രം 09.10.2020 തീയതി സമർപ്പിച്ചിട്ടുള്ളതും, കേസ്സിന്റെ വിചാരണ നടപടികൾ നടന്നു വരികയുമാണ്. ഈ കേസിന്റെ അഡീ.സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർക്ക് യാത്രാ ബത്ത ഇനത്തിൽ 1,41,510/- രൂപയും വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്.വയനാട് സ്വദേശിയായ വിശ്വനാഥൻ എന്ന ആൾ ജീവനൊടുക്കിയ സംഭവത്തിന് കോഴിക്കോട് മെഡിക്കൽ കോളേജ് സ്റ്റേഷനിൽ Crime No.156/23 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നു. ടി കേസിന്റെ |

| | | | |
|---|---|---|---|
| | | | അന്വേഷണം കാര്യക്ഷമമായി നടത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി ടി കേസിന്റെ അന്വേഷണം നേരിട്ട് മേൽനോട്ടം വഹിക്കുന്നതിനായി കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.മരണപ്പെട്ട വിശ്വനാഥന്റെ കുടുംബത്തിനു വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ അനുവദിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ ഇല്ലാതാക്കാൻ കർശന നിയമ നടപടികൾ സ്വീകരിക്കുക; അതിക്രമങ്ങൾക്ക് വിധേയമാകുന്നവരുടെ പുനരധിവാസം, അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്കുള്ള ധനസഹായം, സർക്കാർ ജോലി തുടങ്ങിയ പരിരക്ഷകളും ഈ നിയമ പ്രകാരം ഉറപ്പ് വരുത്തുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കേസ്സുകളും അതീവ ജാഗ്രതയോടെയും കാര്യക്ഷമമായും നീതിയുക്തമായും അന്വേഷണം നടത്തുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നീതി ഉറപ്പ വരുത്തുന്നതിനുമായി പോലീസ് ഉദ്യോഗസ്ഥർക്ക് നിരന്തരം കർശന നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയും സംസ്ഥാന തലത്തിൽ ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയും യഥാസമയം യോഗം ചേർന്ന് അവലോകനം നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്.

അതിക്രമം തടയൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും, മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും, വയനാട് ജില്ലയിലെ മാനന്തവാടിയിലും, കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും, പാലക്കാട് ജില്ലയിലെ മണ്ണാർക്കാടും സ്പെഷ്യൽ കോടതികളും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ സ്പെഷ്യൽ കോടതികൾ അനുവദിക്കുകയുണ്ടായി. എറണാകുളം ജില്ലയിൽ സ്പെഷ്യൽ കോടതി സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളും, ചൂഷണങ്ങളും തടയുന്നതിന് വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗ

വിഭാഗത്തിൽപ്പെട്ടവരെ ചൂഷണത്തിൽ നിന്നും തടയുക എന്ന ലക്ഷ്യത്തോടെ വകുപ്പ് വിദ്യാഭ്യാസ ഉന്നമന പദ്ധതികളും വിവിധ സാമൂഹിക-സാമ്പത്തിക ഉന്നമന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമം തടയൽ നിയമത്തിലെ കർശന വ്യവസ്ഥകൾ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വർക്കുള്ള നിയമ സഹായവും ബോധവത്കരണത്തിനും പരിശോധിച്ചു ഉറപ്പുവരുന്നതിനായി ജ്വാല എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്.

**ജ്വാല:** (JWALA-Justice, Welfare and Legal Assistance) പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ഒരു ലീഗൽ കൗൺസിലർ വീതവും പട്ടികജാതി വികസന വകുപ്പ് ഡയക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു ലീഗൽ സെല്ലും അതിൽ ഒരു ലീഗൽ അഡ്വൈസറേയും മൂന്ന് ലീഗൽ അസിസ്റ്റന്റുമാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ നിയമ ബിരുദധാരികളായ 94 പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ ഗവൺമെന്റ് പ്ലീഡർമാരുടെയും സീനിയർ അഡ്വക്കേറ്റ് മാരുടെയും കീഴിൽ ഓണറേറിയത്തോടുകൂടി 2 വർഷക്കാലത്തേയ്ക്ക് നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. കൂടാതെ 114 കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, 1182 പ്രൊമോട്ടർമാർ എന്നിവരുടെ സേവനം വകുപ്പ് പ്രയോജനപ്പെടുത്തുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കെ തിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി ഈ വിഭാഗക്കാരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പട്ടികജാതി കോളനികളിലും തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും, സാമൂഹ്യ പ്രവർത്തകർക്കും പട്ടികജാതി അതിക്രമ നിരോധന നിയമ പ്രകാരം ബോധവത്കരണ സെമിനാറുകളും ക്ലാസുകളും നടത്തുന്നുണ്ട്. കൂടാതെ വകുപ്പിന്റെ ഫീൽഡ്തല ഉദ്യോഗസ്ഥർ മുഖാന്തിരവും വകുപ്പിലെ ഓഫീസുകൾ മുഖേനയും അതിക്രമത്തിനെതിരെ ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ആദിവാസി ദുർബല വിഭാഗങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് വനിതൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി ചെറുക്കുന്നതിന് ട്രൈബൽ വിഭാഗങ്ങൾ കൂടുതൽ അധിവസിക്കുന്ന 14 പോലീസ് ജില്ലകൾ കേന്ദ്രീകരിച്ച് വ്യാപകമായ അവബോധ പ്രവർത്തനം നടത്തുവാൻ ട്രൈബൽ ജനമൈത്രി പ്രൊജക്ട് എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.